**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1904** | **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ സ്വിഫ്റ്റ് ബസ് സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. കെ.-സ്വിഫ്റ്റ് ബസ് സർവീസുകൾ എന്നാണ് ആരംഭിച്ചതെന്നും ആയതിന്റെ ലക്ഷ്യം എന്താണെന്നും വിശദീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 11.04.2022 മുതലാണ് സർവീസ് നടത്തി വരുന്നത്. കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസ് കാര്യക്ഷമമായി നടത്തുന്നതിന്, കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം, സാങ്കേതിക, മാനേജീരിയൽ, പ്രവർത്തന പിന്തുണ എന്നിവ നൽകുന്നതിനും, KIIFB ധനസഹായം നൽകുന്ന പുതിയ ബസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും, സംസ്ഥാന പ്ലാൻ സ്കീമുകൾക്ക് കീഴിലുള്ള ബസുകൾ, സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ മറ്റ് സ്കീമുകൾക്ക് കീഴിൽ ലഭിച്ച ബസുകൾ, സ്പോൺസർഷിപ്പിന് കീഴിൽ ലഭിച്ച ബസുകൾ തുടങ്ങിയ കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്ക് വേണ്ടിയാണ് കെ. എസ്. ആർ. ടി. സി. കെ.-സ്വിഫ്റ്റ് ആരംഭിച്ചിട്ടുള്ളത്. |
| (ബി) | കെ.-സ്വിഫ്റ്റ് ബസ് സർവീസുകൾ ആരംഭിച്ചതിനു ശേഷം കെ. എസ്. ആർ. ടി. സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; | (ബി) | ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെ-സ്വിഫ്റ്റ് ബസ്സുകൾ നിരത്തിലിറക്കിയ സാഹചര്യത്തിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ടി ബസ്സുകൾ ഉപയോഗിച്ച് സർവീസ് ആരംഭിച്ചപ്പോൾ ടി റൂട്ടുകളിൽ നിന്നും പിൻവലിച്ച കെ.എസ്.ആർ.ടി.സി. ബസുകൾ ഉപയോഗിച്ച് കൂടുതൽ സർവീസുകൾ നടത്തി അധിക വരുമാനം ലഭ്യമായിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ് സർവീസുകൾ ആരംഭിക്കുന്നതിനു മുമ്പുള്ള മാസമായ 2022 മാർച്ചിലെ കെ.എസ്.ആർ.ടി.സി.യുടെ ഓപ്പറേറ്റിങ്ങ് വരുമാനം 152.55 കോടി രൂപയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ് സർവീസുകൾ ആരംഭിച്ചതിന് ശേഷം നിലവിൽ 2025 ആഗസ്റ്റ് മാസത്തിലെ സ്വിഫ്റ്റ് സർവിസുകൾ ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി.യുടെ ആകെ ഓപ്പറേറ്റിങ്ങ് വരുമാനം 215.97 കോടി രൂപയും ആണ്. |

<table>
<tr>
<td>(സി)</td>
<td>കെ.- സ്വിഫ്റ്റ് സർവീസുകൾ ആരംഭിച്ചതിനുശേഷം നാളിതുവരെ എത്ര ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്; ഇതുമൂലം എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?</td>
<td>(സി)</td>
<td>
കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെ എല്ലാ ബസുകളും സമഗ്ര ഇൻഷ്വറൻസ് ഉള്ളതാണ്. ആയതിനാൽ അപകടങ്ങൾ ഉൾക്കൊള്ളുന്ന നാശനഷ്ട കവറേജും, അപകടം മൂലം ഉണ്ടാകുന്ന മറ്റുള്ളവരുടെ സ്വത്തിനോ ജീവനോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ഉൾക്കൊള്ളുന്ന മൂന്നാം കക്ഷി ബാധ്യതയും ഇതിൽ ഉൾപ്പെടുന്നു.
കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവീസുകൾ ആരംഭിച്ചതിനുശേഷം ആഗസ്റ്റ് 2025 വരെ സ്വിഫ്റ്റ് ബസുകൾക്ക് സംഭവിച്ച അപകടങ്ങളെ സംബന്ധിച്ച വിവരങ്ങൾ വിവരം ചുവടെ ചേർക്കുന്നു:
<table>
<tr><th>Sl. No.</th><th>Type of accident</th><th>No. of accidents</th></tr>
<tr><td>1</td><td>Fatal</td><td>45</td></tr>
<tr><td>2</td><td>Major</td><td>678</td></tr>
<tr><td>3</td><td>Minor</td><td>386</td></tr>
<tr><td colspan="2">Total No. of accidents</td><td>1109</td></tr>
</table>
ലഭ്യമായ കണക്കുകൾ പ്രകാരം അപകടങ്ങളുമായി ബന്ധപ്പെട്ട് റിപ്പയർ ജോലികൾ പൂർത്തിയാക്കിയ ഇനത്തിൽ 2,78,57,156/- രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 1,52,11,683/- രൂപ ഇൻഷ്വറൻസ് പരിരക്ഷ വഴി ലഭിച്ചിട്ടുണ്ട്. അപകടങ്ങൾക്ക് ഉത്തരവാദികളായ ജീവനക്കാരിൽ നിന്നും cost of damage ഇനത്തിൽ ആഗസ്റ്റ് 2025 വരെ 42.17 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ